**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ.8011**

**16.07.2014-ൽ മറുപടിയ്ക്ക്**

**മലബാർ സിമന്റ്സ് ലിമിറ്റഡ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ചന്ദ്രൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡ് കഴിഞ്ഞ 8 വർഷമായി എത്ര കോടി രൂപയാണ് ലാഭമുണ്ടാക്കിയതെന്നു വ്യക്തമാക്കുമോ;<br><br>(ബി) ഓരോ വർഷത്തെയും ലാഭ വിവരം പ്രത്യേകം പ്രത്യേകമായി അറിയിക്കുമോ; | (എ) യും (ബി) യും<br><br>മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ കഴിഞ്ഞ 8 വർഷത്തെ ലാഭ കണക്കിന്റെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വ്യവസായ സ്ഥാപനം എന്തെങ്കിലും തരത്തിലുള്ള ഭീഷണി നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) ഉണ്ട്; കസ്തൂരി രംഗൻ റിപ്പോർട്ട് അതേപടി പ്രാബല്യത്തിൽ വന്നാൽ മലബാർ സിമന്റ്സിന്റെ ഖനിക്കും, ഫാക്ടറിക്കും, ടൗൺഷിപ്പിനും ഭീഷണി ആകുന്നതാണ്. റിപ്പോർട്ട് പ്രാബല്യത്തിൽ വരികയാണെങ്കിൽ 2019-ഓടുകൂടി ഖനിയുടെയും ഫാക്ടറിയുടെയും പ്രവർത്തനം പൂർണ്ണമായി നിർത്തേണ്ടതായിവരും. |
| (ഡി) ഫാക്ടറി പ്രദേശത്തെ ഇ.എസ്.എയിൽ നിന്നും ഒഴിവാക്കിക്കിട്ടുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(ഇ) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) യും (ഇ) യും<br><br>ഉണ്ട്; ഇ.എസ്.എ-യിൽ നിന്ന് ഒഴിവാക്കേണ്ട സ്ഥലങ്ങളെപ്പറ്റി സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും കഡസ്ട്രൽ മാപ്പിൽ അവ രേഖപ്പെടുത്തുവാനും വേണ്ടി സർക്കാർ നിയോഗിച്ച ഡോ.ഉമ്മൻ വി.ഉമ്മൻ കമ്മീഷനു മുമ്പാകെ കമ്പനി ഖനിയും, വ്യവസായ ശാലയും, ടൗൺഷിപ്പും ഉൾപ്പെടുന്ന പ്രദേശം ഇ.എസ്.എ യുടെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരുന്നു. കമ്മീഷന്റെ വിശദമായ പഠനത്തിനുശേഷം പരിഷ്കരിച്ച കഡസ്ട്രൽ മാപ്പിൽ ഈ പ്രദേശങ്ങളെ ഇ.എസ്.എ-യിൽ നിന്നും ഒഴിവാക്കാൻ വേണ്ടിയാണ് സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| വർഷം | ആദായ നികുതിക്കു മുമ്പുള്ള ലാഭം (തുക കോടിയിൽ) | ആദായ നികുതിക്കു ശേഷമുള്ള ലാഭം (തുക കോടിയിൽ) |
|---|---|---|
| 2006–07 | 25.74 | 21.00 |
| 2007–08 | 39.94 | 28.20 |
| 2008–09 | 47.86 | 31.41 |
| 2009–10 | 30.32 | 18.69 |
| 2010–11 | 44.28 | 30.81 |
| 2011–12 | 50.81 | 34.59 |
| 2012–13 | 31.71 * | 21.36 |
| 2013–14 | ആഡിററ് പൂർത്തിയായിട്ടില്ല | ആഡിററ് പൂർത്തിയായിട്ടില്ല |
| മൊത്തംസംഖ്യ | 270.66 | 186.06 |

* ജീവനക്കാരുടെ സർവ്വീസ് വെയിറ്റേജ് അരിയേഴ്സ് ഇനത്തിൽ കൊടുത്ത തുകയായ 16.88 കോടി രൂപ കഴിച്ചതിനു ശേഷം

ലെയ്സൺ ഓഫീസർ